# Online press releases from Directorate, Thiruvananthapuram on 04/02/2013

## ഹയർസെക്കൻഡറി സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷ, 2013

സി.ബി.എസ്.ഇ. അഖിലേന്ത്യാതലത്തിൽ നടത്തുന്ന ജോയിന്റ് എൻടൻസ് എക്സാമിനേഷൻ ജി.ഇ.ഇ. 2013 ന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഹയർസെക്കൻഡറി പരീക്ഷാസ്കോർ മെച്ചപ്പെടുത്തുന്നതിന് ഒരു സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷ നടത്തുന്നു. വിജ്ഞാപനം ഹയർസെക്കൻഡറി പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013 മാർച്ചിൽ നടക്കുന്ന രണ്ടാംവർഷ ഹയർസെക്കൻഡറി പരീക്ഷയോടൊപ്പമാണ് സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷ നടക്കുക. സയൻസ്, ടെക്നിക്കൽ സ്കീമുകൾ ഫിസിക്സ്, മാത്തമാറ്റിക്സ് വിഷയങ്ങൾ ഐച്ഛികമായെടുത്ത്, സ്കീം ഒന്നിൽ പരീക്ഷയെഴുതി 2011, 2012 വർഷങ്ങളിൽ ഉപരിപഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികൾക്കുമാത്രമേ സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷയെഴുതാൻ യോഗ്യതയുണ്ടായിരിക്കുകയുള്ളൂ. സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ ജെ.ഇ.ഇ.മെയിൻ 2013 പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരായിരിക്കണം. സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ സ്കോറുകൾ ജെ.ഇ.ഇ.മെയിൻ 2013 പരീക്ഷയ്ക്കുവേണ്ടിയല്ലാതെ, മറ്റൊരു ആവശ്യത്തിനും ഹയർസെക്കൻഡറി പരീക്ഷാബോർഡ് പരിഗണിക്കില്ല. സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ രണ്ടാം വർഷ ഹയർസെക്കൻഡറി പരീക്ഷയുടെ ആറ് വിഷയങ്ങളും എഴുതണം. ഈ പരീക്ഷയിൽ ആറുവിഷയങ്ങൾക്കും ഡി+ ഗ്രേഡോ അതിനുമുകളിലോ നേടുകയും വേണം. ഏതെങ്കിലും ഒരു വിഷയത്തിൽ ഡി+ ഗ്രേഡോ അതിനു മുകളിലോ ലഭിക്കാതിരിക്കുകയോ, ഒന്നോ അതിലധികമോ വിഷയങ്ങളിലെ പരീക്ഷകൾ എഴുതാതിരിക്കുകയോ ചെയ്താല്, സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷ അസാധുവായതായി കണക്കാക്കും. സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷയിൽ ലഭിക്കുന്ന സ്കോറുകള്, വിദ്യാർത്ഥി ഇതിനകം നേടിയ രണ്ടാംവർഷ സ്കോറുകളോടൊപ്പം സംയോജിപ്പിക്കില്ല. എന്നാൽ പ്രാക്ടിക്കലിന്റെയും, ഒന്നാം വർഷ നിരന്തര മൂല്യനിർണയത്തിന്റെയും, ഒന്നാം വർഷ പരീക്ഷയുടെയും സ്കോറുകൾ നിലനിർത്തിക്കൊണ്ടായിരിക്കും സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുക. പരീക്ഷയിൽ യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. www.dhsekerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന 2013 ലെ പരീക്ഷാവിജ്ഞാപനത്തിൽ ചേർത്തിട്ടുള്ള ഹയർസെക്കൻഡറി പരീക്ഷയുടെ അപേക്ഷാഫോറം, പൂരിപ്പിച്ച്, ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പലിന്റെ അറ്റസ്റേഷനോടുകൂടി ഹയർസെക്കൻഡറി ഡയറക്ടറേറ്റിൽ നേരിട്ട് സമർപ്പിക്കണം. അപേക്ഷയോടൊപ്പം, 920 രൂപ (പരീക്ഷാ ഫീസ് 900, സർട്ടിഫിക്കറ്റ് ഫീസ് 20 ) ഫീസടച്ച ചെലാൻ രസീത്, ജെ.ഇ.ഇ.മെയിൻ 2013 പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ളതിന് മതിയായ രേഖ, പ്ളസ് ടു സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്തിരിക്കണം. സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പരീക്ഷ, 2013 എന്ന് അപേക്ഷയിലും കവറിന് പുറത്തും സൂപ്പർസ്ക്രൈബ് ചെയ്ത് 2013 ഫെബ്രുവരി 13-ാം തീയതി അഞ്ച് മണിയ്ക്കകം ലഭിക്കത്തക്ക രീതിയിൽ സെക്രട്ടറി, ബോർഡ് ഓഫ് ഹയർസെക്കൻഡറി എക്സാമിനേഷന്, ഹൌസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗര്, തിരുവനന്തപുരം - 1 എന്ന വിലാസത്തിൽ അയക്കണം. പി.എന്.എക്സ്.821/13

Maintained by Web & New Media Division, Information & Public Relations Department